കേരള സർക്കാർ

നം.സി2/198/2018/ ഐ & പി ആർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം, തീയതി, 29/06/2018

## താല്പര്യപത്രം ക്ഷണിക്കുന്നു

സംസ്ഥാനസർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചും സംസ്ഥാനസർക്കാർ നടപ്പിലാക്കിയിട്ടുള്ള വികസനക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം പരസ്യം ചെയ്യുന്നതിന് ഹോർഡിംഗുകൾ എംപാനൽ ചെയ്യുന്നതിനായി ഹോർഡിംഗുകൾ സ്വന്തമായി കൈവശമുള്ള സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. 1000 ഹോർഡിംഗുകൾ എംപാനൽ ചെയ്യുന്നതിനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ നിബന്ധനകളും സമർപ്പിക്കേണ്ട രേഖകളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഹോർഡിംഗ് ലൊക്കേഷനുകളുടെ ഫോട്ടോ സഹിതം കൃത്യമായ ലൊക്കേഷൻ വിവരങ്ങളും ഹോർഡിംഗിന്റെ വലിപ്പവും രേഖപ്പെടുത്തേണ്ടതാണ്. ജില്ല തിരിച്ചാണ് ലൊക്കേഷൻ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്.

2. ഹോർഡിംഗ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിന്റെ ഉടമയുമായി സ്ഥാപനത്തിന് നേരിട്ട് കരാറുണ്ടായിരിക്കണം. ഇക്കാര്യം വ്യക്തമാക്കുന്ന കരാർ രേഖകൾ സമർപ്പിച്ചിരിക്കണം.

3. ഓരോ ലൊക്കേഷനിലെയും ഹോർഡിംഗിന് ഒരു മാസക്കാലയളവിലേക്കുള്ള വാടക രേഖപ്പെടുത്തിയിരിക്കണം.

4. എൻ എച്ച്, എം സി, എം ജി റോഡുകളിലേയും പ്രധാനപ്പെട്ട മറ്റ് റോഡുകളിലേയും ഹോർഡിംഗുകൾ മാത്രമേ പരിഗണിക്കുകയുള്ളു.

5. ഇക്കോ ഫ്രണ്ട്ലി ക്ലോത്തോ മറ്റ് പ്രകൃതി സൗഹൃദ വസ്തുക്കളോ മാത്രം ഉപയോഗിച്ച് പ്രിന്റ് ചെയ്ത പരസ്യമാണ് ഹോർഡിംഗുകളിൽ പതിക്കേണ്ടത്. ഒരു ചതുരശ്ര ഫീറ്റിനുള്ള പ്രിന്റിംഗ് ചാർജ്, ഒരു ചതുരശ്രഫീറ്റിനുള്ള മൗണ്ടിംഗ് ചാർജ് എന്നിവ രേഖപ്പെടുത്തിയിരിക്കണം.

6. നിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തി വകുപ്പ് എംപാനൽ ചെയ്യുന്ന ഹോർഡിംഗുകളിൽ ബന്ധപ്പെട്ട പ്രചാരണപരിപാടികളുടെ കാലയളവിൽ ലഭ്യമായ ലൊക്കേഷനുകളിൽ വകുപ്പ് നിർദ്ദേശിക്കുന്നവയിൽ പരസ്യം പതിക്കേണ്ടതാണ്. ഹോർഡിംഗുകളിൽ പരസ്യം പതിക്കുന്ന കാലയളവിലേക്കുള്ള വാടക, പ്രിന്റിംഗ് ചാർജ്, മൗണ്ടിംഗ് ചാർജ് എന്നിവ മാത്രമേ അനുവദിക്കുകയുള്ളൂ.

ഹോർഡിംഗുകൾ എംപാനൽ ചെയ്യുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും .

താല്പര്യമുള്ള ഏജൻസികൾ 2018 ജൂലൈ 18 ന് 3 PM ന് മുമ്പായി പ്രൊപ്പോസലുകൾ ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം1 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471 2518013, 0471 2518447, 9496003239 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

സുഭാഷ് ടി വി
ഡയറക്ടർ